"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് തെക്കേപൊറ്റ കൊട്ടാരശ്ശേരി എ.എൽ.പി. സ്കൂളിലെ പ്രഥമാദ്ധ്യാപകൻ ശ്രീ.എ.എസ്സ്.മുഹമ്മദ് ഹൂസൈൻ ഫയൽ ചെയ്ത W.P.(C)No.30031/2022-ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 22.9.2022 തീയതി വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2368/2023/GEDN തീയതി, തിരുവനന്തപുരം, 11-04-2023

---

പരാമർശം:-
1. പാലക്കാട് തെക്കേപൊറ്റ കൊട്ടാരശ്ശേരി എ.എൽ.പി. സ്കൂളിലെ പ്രഥമാദ്ധ്യാപകൻ ശ്രീ.എ.എസ്സ്. മുഹമ്മദ് ഹൂസൈന്റെ 2/09/2022 തീയതിയിലെ പുനഃപരിശോധനാ ഹർജി(Expt P8).
2. ബഹു. കേരള ഹൈക്കോടതിയുടെ 22.9.2022-ലെ W.P.(C) No. 30031/2022-ന്മേലുള്ള വിധിന്യായം.
3. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 17/01/2023-ലെ DDEPKD/4662/2022-B2 നമ്പർ റിപ്പോർട്ട്.
4. ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17/01/2023-ലെ സി /2482/2022 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

പാലക്കാട് തെക്കേപൊറ്റ കൊട്ടാരശ്ശേരി എ.എൽ.പി. സ്കൂളിലെ പ്രഥമാദ്ധ്യാപകൻ ശ്രീ.എ.എസ്സ്. മുഹമ്മദ് ഹൂസൈൻ ഫയൽ ചെയ്ത W.P.(C) No. 30031/2022-ന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാൻ സമർപ്പിച്ച പരാമർശം 1 പുനഃപരിശോധനാ ഹർജി (Ext.P8) ഹർജിക്കാരനെയും 5-ാം എതിർകക്ഷിയെയും നേരിൽ കേട്ട് തീർപ്പാക്കണമെന്ന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയുണ്ടായി. അപ്രകാരം ബന്ധപ്പെട്ട കക്ഷികളെ 18.1.2023-ൽ നേരിൽ കേട്ടു.

**2. ഹർജിക്കാരന്റെ വാദങ്ങൾ ചുവടെ ചേർക്കുന്നു:**

“**21.07.2022**-ന് എന്നെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതാണ്. **18.7.2022** മുതൽ **6.8.2022** വരെ ഞാൻ കമ്മ്യൂട്ടഡ് ലീവിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായിരുന്നു. ആലത്തൂർ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് ലീവ് അപേക്ഷ ഇ-മെയിൽ സന്ദേശം വഴിയും രജിസ്ട്രേഡ് തപാൽ വഴിയും സമർപ്പിച്ചിട്ടുള്ളതാണ്. ഇപ്രകാരം ഞാൻ അവധിയിൽ പ്രവേശിച്ചിരിക്കെയാണ് **21.07.2022** മുതൽ എന്നെ സസ്പെന്റ് ചെയ്തിട്ടുള്ളത്. സസ്പെന്റ് ചെയ്യുന്നതിനുള്ള കാരണങ്ങളിൽ ഒന്നാമതായി കാണിച്ചിട്ടുള്ളത് **18.7.2022,19.7.2022** തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ ലീവോ, വിവരങ്ങളോ മാനേജർക്കോ മേലധികാരിക്കോ സമർപ്പിക്കാതെ സ്ഥലം വിട്ടു എന്നതാണ്. ഹ്രസ്വകാല ലീവ് എടുക്കുമ്പോൾ മാനേജരെ അറിയിക്കുന്ന പതിവില്ല. സ്ഥാപന മേധാവി എന്ന നിലയിൽ സീനിയർ അദ്ധ്യാപിക ശ്രീമതി.ഗായത്രിക്ക് ചുമതല എൽപ്പിച്ചിട്ടുള്ളതുമാണ്. ഇപ്രകാരം ചട്ടവിധേയമായ ലീവ് അപേക്ഷ നൽകിയിട്ടും എനിക്കെതിരെ ദുരാരോപണം ഉന്നയിച്ച് സസ്പെന്റ് ചെയ്തിരിക്കയാണ്.

മാനേജരുടെയോ, മറ്റ് അധികാരികളുടെയോ അറിവോ സമ്മതമോ കൂടാതെ സ്കൂൾ പൂട്ടി താക്കോലും കൊണ്ട് സ്ഥലം വിട്ടു എന്ന് ആരോപിച്ചിരിക്കുന്നു. സ്കൂൾ പൂട്ടി സ്ഥലം വിട്ടു എന്ന ഒരു സംഭവമേ ഉണ്ടായിട്ടില്ല. വസ്തുതയ്ക്ക് നിരക്കാത്ത ആരോപണമാണിത്. ആരോപിച്ച വിധം സ്കൂൾ പൂട്ടി സ്ഥലം വിട്ടിരുന്നുവെങ്കിൽ സ്കൂൾ പ്രവർത്തനം നടക്കാതെ പോവുമായിരുന്നു. അത്തരത്തിൽ രക്ഷിതാക്കളിൽ നിന്നോ, വിദ്യാർത്ഥികളിൽ നിന്നോ, സ്റ്റാഫിൽ നിന്നോ, പൊതുജനങ്ങളിൽ നിന്നോ യാതൊരു പരാതിയും ഇതുവരെ ലഭ്യമായിട്ടില്ല. എന്നെ സസ്പെന്റ് ചെയ്യേണ്ടതിലേക്ക് മനഃപൂർവ്വമായി വാസ്തവ വിരുദ്ധമായ ആരോപണങ്ങൾ ഉന്നയിച്ചിരിക്കുകയാണ്. കുറ്റാരോപണ പത്രികയിൽ ഇപ്രകാരം സ്കൂൾ പൂട്ടി പോയതിനാൽ തസ്തിക നിർണ്ണയത്തിന് ആവശ്യമായ രേഖകൾ പരിശോധിക്കാൻ കഴിയാതെ പോയി എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. **2022-23** അദ്ധ്യയന വർഷത്തേക്ക് തസ്തികനിർണ്ണയത്തിന് ആവശ്യമായ രേഖകൾ, കുട്ടികളുടെ ഡാറ്റ എന്നിവ കൃത്യസമയത്ത് സമ്പൂർണ്ണ വഴി അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ഇത് പ്രധാന അദ്ധ്യാപകന്റെ ചുമതല മാത്രമാണ്. ഇതിൽ മാനേജർക്ക് പ്രത്യേകം പങ്കൊന്നുമില്ല.

മൂന്നാമതായി തസ്തിക നിർണ്ണയത്തിനാവശ്യമായ രേഖകൾ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാതെ സ്കൂളിൽ ഹാജരാവാതിരുന്നു എന്നതാണ്. അക്കമിട്ട് പറഞ്ഞ മൂന്നാമത്തെ കുറ്റം രണ്ടാമത് സൂചിപ്പിച്ച ആരോപണം ആവർത്തിച്ചിരിക്കയാണ്.

മറ്റൊരു ദിവസം മുൻകാല പ്രാബല്യത്തോടെ ഹാജർ പട്ടികയിൽ നിങ്ങൾ ഒപ്പിടുകയുണ്ടായി എന്ന് കുറ്റം ചുമത്തിയിരിക്കുന്നു. കുറ്റാരോപണ പത്രികയിൽ ഇതിന്റെ വിശദീകരണം എന്ന നിലയിൽ **18.7.2022, 19.7.2022** എന്നീ ദിവസങ്ങളിൽ സ്കൂളിൽ ഹാജരാവാതെ അതിനുശേഷമുള്ള ദിവസങ്ങളിൽ എന്റേയോ ഡിപ്പാർട്ടുമെന്റിന്റേയോ അറിവോ സമ്മതമോ കൂടാതെ ഹാജർ

രേഖപ്പെടുത്തി എന്ന് കാണിച്ചിരിക്കുന്നു. എന്നാൽ ഒന്നാമതായി എനിക്കെതിരെ സൂചിപ്പിച്ചിരിക്കുന്ന ആരോപണം 18.7.2022,19.7.2022 എന്നീ ദിവസങ്ങളിൽ സ്കൂളിൽ ഹാജരായിട്ടില്ല എന്നതാണ്. ഇവിടെ പറയുന്നത് 18.7.2022,19.7.2022-നു ശേഷം മാനജരുടെയോ, ഡിപ്പാർട്ടുമെന്റിന്റെയോ സമ്മതമില്ലാതെ ഹാജർ രേഖപ്പെടുത്തി എന്നതാണ്.

18.7.2022 മുതൽ ഞാൻ ലീവിന് അപേക്ഷ സമർപ്പിച്ചതായിരുന്നു. 6.8.2022 വരെ അപേക്ഷിച്ച ലീവിൽ ഇരിക്കെ 21.7.2022-ന് എന്നെ സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. നാളിതുവരെ ഞാൻ സസ്പെൻഷനിലുമാണ്. പിന്നെ മാനേജരുടെയോ, ഡിപ്പാർട്ടുമെന്റിന്റെയോ സമ്മതമില്ലാതെ ഹാജർ പട്ടികയിൽ ഒപ്പുവെച്ചു എന്ന ആരോപണം നിലനിൽക്കുന്നതല്ല.

അദ്ധ്യാപകരുടെ സർവ്വീസ് ബുക്കിൽ സർവ്വീസ് വെരിഫിക്കേഷൻ മാനേജരുടെ കള്ള ഒപ്പും സീലും വെച്ച് നടത്തി എന്നുള്ളതാണ്. സർവ്വീസ് വെരിഫിക്കേഷൻ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തി ഒപ്പ് വെച്ച് മേലൊപ്പിനായി മാനേജർക്ക് സമർപ്പിക്കുകയാണ് പതിവ്. അതിൽ മാനേജരുടെ ഒപ്പ് മാനേജരോ മറ്റാരോങ്കിലുമോ ഒപ്പ് വെച്ചതായി എനിക്ക് അറിയില്ല. മാനേജരുടെ കള്ള ഒപ്പ് വെച്ചു എന്ന ആരോപണത്തെ തുടർന്ന് ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് പെറ്റീഷൻ തീർപ്പാക്കുന്നതിന് ബഹു.പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ ഹിയറിംഗ് നടന്നിട്ടുള്ളതും കള്ള ഒപ്പിന്റെ സൂക്ഷ്മത പരിശോധിക്കേണ്ടതിലേക്ക് ഫോറൻസിക് പരിശോധന നടത്തേണ്ടതിന് ഉത്തരവായിട്ടുള്ളതുമാണ്. സർക്കാർ സംവിധാനങ്ങളിൽ തീർപ്പാക്കാൻ കിടപ്പുള്ള ഒരു ആരോപണം കുറ്റമായി ചുമത്തി നടപടി കൈക്കൊള്ളുന്നതിന് സർക്കാർ സംവിധാനങ്ങളിൽ നിന്നും അന്തിമ വിധി വരേക്ക് മാനേജർക്ക് അധികാരമുള്ളതല്ല.

മാനേജരുടെ അറിവോ സമ്മതമോ കൂടാതെ നിയമനം നടത്തി എന്നുള്ളതാണ്. അദ്ധ്യാപക നിയമനം ഇപ്പോൾ നടത്തുന്നത് സമന്വയ പോർട്ടൽ വഴിയാണ്. മാനേജർക്ക് ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ അനുവദിച്ച് നൽകുന്ന യൂസർ ഐഡിയും പാസ്വേർഡും ഉപയോഗിച്ചു മാത്രമേ സമന്വയ പോർട്ടൽ വഴി നിയമനം നടത്താൻ കഴിയുകയുള്ളൂ. ഈ സാഹചര്യത്തിൽ ഈ ആരോപണം അടിസ്ഥാനരഹിതമാണ്.

അനധികൃതമായി പണമിടപാട് നടത്തി എന്നതാണ്:- കെ.ഇ.ആർ അദ്ധ്യായം 14 സി ചട്ടം 14 നിർദ്ദേശിക്കുന്ന വിധത്തിലുള്ള സാമ്പത്തിക ഇടപാടുകൾ ഞാൻ നടത്തിയിട്ടില്ല. എന്നാൽ വ്യക്തിപരമായ സിവിൽ കേസുകൾ നിലനിൽക്കുന്നുണ്ട് താനും. അത് ഈ ചട്ടത്തിന്റെ പരിധിയിൽ വരുന്നതല്ല.

ഉച്ചഭക്ഷണ വിതരണത്തിൽ ക്രമക്കേട് നടത്തുക വഴി സർക്കാരിന് ഭീമമായ തുക നഷ്ടം വരുത്തി:- 2013-14 അദ്ധ്യയന വർഷത്തിൽ ഉച്ചഭക്ഷണ ഇനത്തിൽ ആകെ ചെലവ് 159382/-രൂപയും അനുവദിച്ചതും പിൻവലിച്ചതുമായ

തുക 130900/- രൂപയുമാണ്. 2019-ൽ അനുവദിച്ച അവ്യക്തമായ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 68857/- രൂപ തിരിച്ചടക്കുന്നതിനായി റിപ്പോർട്ട് നൽകിയതിനെ ബഹു:ഹൈക്കോടതിയിൽ WP (C) No.20618/2022-ന്മേൽ 24.6.2022-ലെ വിധി പ്രകാരം ജില്ലാവിദ്യാഭ്യാസ ഓഫീസറോട് തീർപ്പാക്കുന്നതിനായി വിധിയായിട്ടുള്ളതാണ്. വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവിന്മേൽ അന്തിമമായി തീർപ്പാക്കുന്നതിന് ജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് അധികാരമില്ലാത്തതിനാൽ സർക്കാറിലേക്ക് കെ.ഇ.ആർ അദ്ധ്യായം 14 എ ചട്ടം 92 പ്രകാരം റിവിഷൻ സമർപ്പിച്ചിരിക്കയാണ്. പ്രസ്തുത റിവിഷൻ തീർപ്പാക്കുന്നതിനായി സർക്കാറിൽ കിടപ്പുള്ളതാണ്. സർക്കാറിൽ തീർപ്പാക്കാൻ കിടപ്പുള്ള ഒരു കേസ് അന്തിമവിധി വരുന്നതുവരെ നടപടി കൈക്കൊള്ളുന്നതിന് മാനേജർക്ക് അധികാരമുണ്ടായിരിക്കുന്നതല്ല. ഈ ആരോപണവും നിലനിൽക്കുന്നതല്ല.

മേൽവിലാസം നൽകിയില്ല എന്നതാണ്:- മാനേജർ നൽകിയ സസ്പെൻഷൻ ഉത്തരവും അതിനോടനുബന്ധിച്ച് എല്ലാ എഴുത്തുകളും രജിസ്ട്രേഡ് തപാലിൽ ഞാൻ കൈപ്പറ്റിയിട്ടുള്ളതാണ്. എന്റെ അഡ്രസ്സ് മാനേജരുടെ കൈവശം ഉള്ളതുകൊണ്ടാണ് ഇതെല്ലാം ലഭ്യമാക്കാൻ കഴിഞ്ഞത്. മാത്രവുമല്ല എന്നോട് അഡ്രസ്സ് ആവശ്യപ്പെട്ടിട്ടുമില്ല.

എന്റെ ഭാര്യയെ മാനേജരായി നിയമിച്ചതായ ബൈലോയ്ക്ക് വിരുദ്ധമായ നടപടി കുറ്റമായി ആരോപിച്ചിരിക്കുന്നു. ബൈലോയ്ക്ക് വിരുദ്ധമായ നടപടി ആണെന്ന് ബോധ്യപ്പെട്ട അവസരം പ്രസ്തുത നടപടി പിൻവലിച്ചിട്ടുള്ളതാണ്.

മേൽ ഉദ്ധരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ എനിക്കെതിരെ ഉന്നയിച്ച അരോപണങ്ങൾ അത്രയും അടിസ്ഥാനരഹിതവും നീതീകരിക്കാത്തതുമാണ്. ഈ സാഹചര്യത്തിൽ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ സസ്പെൻഷൻ ദീർഘിപ്പിക്കുന്നതിനായി നൽകിയ ഉത്തരവ് റദ്ദ് ചെയ്ത് എന്നെ സസ്പെന്റ് ചെയ്ത തീയതി മുതൽ സർവ്വീസിൽ തിരിച്ചെടുത്ത് സസ്പെൻഷൻ കാലം ക്രമീകരിച്ച് ഉത്തരവാകുന്നതിന് ആലത്തൂർ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവിനായി അപേക്ഷിക്കുന്നു."

**3. സ്കൂൾ മാനേജരുടെ വാദങ്ങൾ ചുവടെ പറയുന്നു:**

"പരാതിക്കാരനായ ശ്രീ മുഹമ്മദ് ഹുസൈൻ സ്കൂളിലെ പ്രധാനാദ്ധ്യാപകനായി തുടരവെ വിദ്യാഭ്യാസ നിയമം അധ്യായം XIV A റൂൾ 67(1) പ്രകാരം മാനേജരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് 15 ദിവസക്കാലത്തേക്ക് 21.07.2022-ലെ ഉത്തരവിൻ പ്രകാരം സസ്പെന്റ് ചെയ്യപ്പെട്ടു. സസ്പെൻഷൻ ഉത്തരവിന്റെ കോപ്പി പരാതിക്കാരൻ WP(C)No.30031/2022 നമ്പർ കേസിൽ എക്സിബിറ്റ് പി4 ആയി സമർപ്പിച്ചതായി കാണുന്നു. സസ്പെൻഷൻ ചെയ്യുവാനുണ്ടായ കാരണങ്ങൾ ചുവടെ ചേർക്കുന്നു.

**1.** സ്കൂളിന്റെ മാനേജരായ ഞാൻ **18.07.2022** തിങ്കളാഴ്ച, **19.07.2022** ചൊവ്വാഴ്ച എന്നീ ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് സ്കൂൾ സന്ദർശിക്കുകയുണ്ടായി. പ്രധാനാദ്ധ്യാപകനായ താങ്കൾ യാതൊരുവിധ ലീവും നിയമാനുസൃതം അധികാരികൾക്ക് സമർപ്പിക്കാതെയും എന്നോട് യാതൊന്നും പറയാതെയും സ്ഥലം വിട്ടിരിക്കുന്നു.

**2.** സ്കൂൾ ഓഫീസ് പൂട്ടി താക്കോലും കൊണ്ട് സ്ഥലം വിട്ടതിനാൽ സ്കൂൾ രജിസ്റ്ററുകളോ, മറ്റു രേഖകളോ പരിശോധിക്കുവാൻ കഴിയാതെ വന്നിരിക്കുന്നു.

**3.** സ്കൂൾ തസ്തിക നിർണ്ണയം സംബന്ധിച്ച് ആവശ്യമായ രേഖകൾ ആലത്തൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കേണ്ടതിലേക്കായി ആവശ്യമായ ഒരു രേഖകളും എനിക്ക് ലഭ്യമായിട്ടില്ല. അത് താങ്കളുടെ മനഃപൂർവ്വമായ നടപടിയാണെന്ന് കരുതേണ്ടിയിരിക്കുന്നു.

**4.** സ്കൂളിൽ അധിക തസ്തിക ആവശ്യമായതിനാൽ ആറാം പ്രവൃത്തി ദിവസ റിപ്പോർട്ടിന്റെ കോപ്പി എനിക്ക് നൽകാതിരുന്നു.

**5.** സ്കൂൾ രജിസ്റ്ററിൽ, സ്കൂളിൽ വരാതെ, വന്ന ദിവസം മുൻകാല പ്രാബല്യത്തോടെ ഒപ്പുവെച്ചതായി മനസ്സിലാക്കുന്നു.

**6.** അദ്ധ്യാപകരുടെ സർവ്വീസ് ബുക്കിൽ മാനേജർ ചെയ്യേണ്ടുന്ന പ്രവൃത്തിയായ സർവ്വീസ് വെരിഫിക്കേഷൻ സ്വയം സാക്ഷ്യപ്പെടുത്തുന്നു.

**7.** സ്കൂളിൽ മാനേജരുടെ അറിവോ സമ്മതമോ കൂടാതെ ഹെഡ്മാസ്റ്ററായ താങ്കൾ രണ്ട് അദ്ധ്യാപികമാരുടെ നിയമനം നടത്തി, നിയമാംഗീകാരത്തിനായി ആലത്തൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് പ്രോപ്പോസൽ സമർപ്പിച്ചിരിക്കുന്നു.

**8.** ഒരു അദ്ധ്യാപകൻ അനിവാര്യമായി പാലിക്കേണ്ടുന്ന കോണ്ടക്ട് റൂൾസ് പണമിടപാടുകൾ നടത്തുക വഴി ലംഘിച്ചിരുന്നു.

തുടർന്ന് വിദ്യാഭ്യാസ നിയമം അധ്യായം **XIV A** റൂൾ **67(8)** പ്രകാരം ആലത്തൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് സസ്പെൻഷൻ സംബന്ധിച്ച വിവരങ്ങൾ രേഖാമൂലം സമർപ്പിക്കുകയും പ്രാഥമികാന്വേഷണം നടത്തണമെന്ന് അപേക്ഷിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ നിയമം അധ്യായം **XIV A** റൂൾ **67 (8)** -ൽ നിഷ്കർഷിച്ചതിൻ പ്രകാരം പ്രാഥമിക അന്വേഷണം നടത്തുകയും അദ്ധ്യാപകനെ സസ്പെന്റ് ചെയ്യുന്നതിന് ആവശ്യമായ കാരണങ്ങൾ ശരിയാണെന്ന് പ്രഥമദൃഷ്ട്യാ കണ്ടെത്തുകയും ചെയ്തു. **03.08.2022**-ലെ ആലത്തൂർ ഉപജില്ലാ വദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് പരാതിക്കാരന് ഇ-മെയിൽ വഴിയും, രജിസ്ട്രേഡ് തപാലായും അയച്ചതായി കാണുന്നു. വിദ്യാഭ്യാസ നിയമം അധ്യായം **XIV A** റൂൾ **67 (8)**-ൽ സസ്പെൻഷൻ സംബന്ധിച്ച പ്രാഥമിക അന്വേഷണത്തിന് സസ്പെന്റ് ചെയ്യപ്പെട്ട വ്യക്തിക്ക് (അധ്യാപകന്) നോട്ടീസ് നൽകണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും ആലത്തൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ പ്രാഥമിക അന്വേഷണത്തിന് നോട്ടീസ് നൽകി പ്രാഥമിക അന്വേഷണം നടത്തിയിരിക്കുന്നു.

പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരൻ ശ്രീ.മുഹമ്മദ് ഹുസൈൻ അവർകളുടെ സസ്പെൻഷൻ നിയമാനുസൃതം ദീർഘിപ്പിച്ചു കൊണ്ടുള്ള 04.08.2022-ലെ മാനേജരുടെ ഉത്തരവിനെതിരെ പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് പരാതിക്കാരൻ സമർപ്പിച്ച അപ്പീലിന്റെ കോപ്പി മാനേജരായ എനിക്ക് പരാതിക്കാരനായ അദ്ധ്യാപകൻ നൽകിയിട്ടില്ല. വിദ്യാഭ്യാസ നിയമം അദ്ധ്യായം XIV A റൂൾ 79 പ്രകാരം സസ്പെൻഷൻ ഉത്തരവിനെതിരെ അപ്പീൽ സമർപ്പിച്ചത് തീരുമാനമാകാതെ നിലവിലിരിക്കുന്ന സാഹചര്യത്തിൽ അധ്യായം XIV A റൂൾ 92 പ്രകാരം സമർപ്പിച്ച റിവിഷൻ ഹർജി നിലനിൽക്കുന്നതല്ല. (Multiplicity of Proceedings cannot be permitted)

ആകയാൽ ഹർജിക്കാരന്റെ 02.09.2022-ലെ എക്സിബിറ്റ് പി 8 റിവിഷൻ ഹർജി ഇക്കാരണത്താൽ തന്നെ തള്ളിക്കളയേണ്ടതാണ്.

മാനേജരുടെ അറിവോ സമ്മതമോ ഇല്ലാതെ അധ്യാപക നിയമനം നടത്തി എന്നതിനും അധ്യാപകരുടെ സേവന പുസ്തകത്തിൽ വ്യാജ ഒപ്പു വെച്ചു എന്നതിനെതിരെ ശ്രീമതി ഖദീജ ബീവി ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷനിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഹിയറിംഗ് നടത്തി ഉത്തരവ് നൽകിയിട്ടുള്ളതാണെന്ന പ്രസ്താവന ശരിയാകുന്നു.

സസ്പെൻഷന് ആധാരമായ എട്ട് കാരണങ്ങളിൽ പരാതിക്കാരൻ യാതൊന്നും നിഷേധിച്ചിട്ടില്ല. വ്യാജ ഒപ്പ് സംബന്ധിച്ച കേസ് വിജിലൻസ് അന്വേഷണത്തിലാണ്.

പരാതിക്കാരനെതിരെ കുറ്റാരോപണവും, കുറ്റാരോപണ പത്രികയും വിദ്യാഭ്യാസ നിയമം അധ്യായം XIV A റൂൾ 7(5) പ്രകാരം നൽകിയിട്ടുണ്ട്. നാളിതുവരെയായി പരാതിക്കാരൻ കുറ്റപത്രത്തിന് മറുപടി നൽകിയിട്ടില്ല. മാത്രവുമല്ല, സർക്കാരിലിരിക്കുന്ന സസ്പെൻഷൻ സംബന്ധിച്ച കേസിൽ വിധി വരുന്നതുവരെ കുറ്റാരോപണപത്രികയ്ക്ക് മറുപടി തരേണ്ടതില്ലെന്ന പരാതിക്കാരന്റെ അറിയിപ്പ് ഇക്കാര്യത്തിൽ അപ്രസക്തമാകുന്നു.

വിദ്യാഭ്യാസ നിയമം അധ്യായം XIV C റൂൾ 14 പ്രകാരം പണം നൽകുന്നതിനോ, കടം വാങ്ങുന്നതിനോ സർക്കാർ അനുമതി ആവശ്യമാണ്. അത് ലംഘിക്കുകയും ചെക്ക് കേസിൽ കോടതി ഉത്തരവുണ്ടായിട്ടും പണം നൽകാതെ ഒളിവിൽ കഴിയുകയുമാണ്. ആലത്തൂർ മുൻസിഫ് കോടതി 20.09.2017-ന് പരാതിക്കാരന്റെ കേസ് സംബന്ധിച്ച വിധി പ്രസ്താവിച്ചിട്ടുണ്ട്. വിധി നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ പരാതിക്കാരനെതിരെ ബഹു.ആലത്തൂർ മുൻസിഫ് കോടതി നിരവധി പ്രാവശ്യം വാറന്റ് പുറപ്പെടുവിക്കുകയും അവസാനമായി 16.12.2022-ന് വാറന്റ് പുറപ്പെടുവിച്ച കേസ് നിലവിലുണ്ട്.

ബഹു.കേരള ഹൈക്കോടതിയിൽ 2014-ൽ മാനേജരുടെ ഒപ്പിട്ട് റിട്ട് ഹർജി സമർപ്പിച്ചത് പരിശോധിക്കേണ്ടതാണ്. കൂടാതെ 2017-ൽ ലയബിലിറ്റി സംബന്ധിച്ച കേസിലും മാനേജരുടെ കള്ള ഒപ്പിട്ട് സ്റ്റേ സമ്പാദിച്ചതും

അന്വേഷിക്കേണ്ടതാണ്.

പരാതിക്കാരനെ സ്കൂളിൽ പുനഃപ്രവേശിപ്പിച്ചാൽ ടാംപറിംഗ് നടത്തി കേസ് ദുർബലമാക്കുവാൻ ഇടയുള്ളതിനാൽ റീ ഇൻസ്റ്റേറ്റ്മെന്റ് അനിവാര്യമുണ്ടോ എന്നത് പരിശോധിക്കേണ്ടതാണ്. റൂൾ 67(8) പ്രകാരം സസ്പെൻഷൻ സംബന്ധിച്ച് 15 ദിവസത്തിൽ കൂടുതൽ പുറത്ത് നിർത്തേണ്ടതുണ്ടോ എന്നത് മാത്രമാണ് പരിശോധിക്കേണ്ടത്. 1998 (2-കെ.എൽ.ടി-1996)-ൽ ഇക്കാര്യത്തിൽ കോടതി വിധി പ്രസ്താവിച്ചിട്ടുണ്ട്. പരാതിക്കാരന് എതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളിൽ ഒറ്റ നോട്ടത്തിൽ തന്നെ കുറ്റക്കാരനെന്ന് കണ്ടെത്തിയതിന്റെ വെളിച്ചത്തിൽ സസ്പെൻഷൻ റദ്ദ് ചെയ്ത് പുനഃപ്രവേശിപ്പിക്കേണ്ടതില്ല. (vide – Manager – SNVHS V/s. State of Kerala – 1982-KLT-229)

പരാതിക്കാരന് രാഷ്ട്രീയ പിന്തുണ ഉണ്ടെന്ന് പറയപ്പെടുന്നതിനാൽ കോടതി വാറന്റ് പുറപ്പെടുവിച്ചിട്ടും പിടികൊടുക്കാതെ ഒഴിഞ്ഞു മാറി നടക്കുന്നതിൽ നിന്നും അദ്ദേഹത്തിനുള്ള ശക്തി പ്രത്യക്ഷത്തിൽ ബോധ്യപ്പെടുന്നതണ്. സർക്കാരിന് വരുത്തിവെച്ച സാമ്പത്തിക നഷ്ടം പ്രത്യേകിച്ച് ഉച്ചഭക്ഷണ വിതരണത്തിൽ നാളിതുവരെ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല.

മേൽ പ്രസ്താവിച്ച യാഥാർത്ഥ്യങ്ങളുടെയും വസ്തുതകളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിൽ പരാതിക്കാരന്റെ എക്സിബിറ്റ് പി 8 പെറ്റീഷൻ നിലനിൽക്കില്ലെന്ന് കണ്ടെത്തി തള്ളിക്കളയണമെന്ന് അപേക്ഷിക്കുന്നു.

ജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് 4.8.2022-ന് സമർപ്പിച്ച റൂൾ 79 പെറ്റീഷൻ പരിഗണനയിൽ ഇരിക്കെ റൂൾ 92 റിവിഷൻ പെറ്റീഷൻ പരിഗണനാർഹമല്ലെന്ന് കണ്ടെത്തി പരാതി തള്ളിക്കളയേണ്ടതാണെന്ന് അപേക്ഷിക്കുന്നു.”

**4. ഇക്കാര്യത്തിൽ വിദ്യാഭ്യാസ ഓഫീസർമാർ സമർപ്പിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:**

കൊട്ടാരശ്ശേരി എ.എൽ.പി.സ്കൂൾ മാനേജരായിരുന്ന ശ്രീ സെയ്ദ് മുഹമ്മദ് മാസ്റ്റർ മരണപ്പെട്ടതിനെ തുടർന്ന് പ്രസ്തുത സ്കൂളിന്റെ അവകാശം പരേതന്റെ ഭാര്യയായ ശ്രീമതി ഫാത്തിമ ബീവിയിലും മക്കളിലും വന്നു ചേരുകയും, അവർ എല്ലാവരും ഉൾപ്പെടുന്ന കമ്മിറ്റി യോഗം ചേർന്ന് സ്കൂളിന്റെ ഭരണഘടനയ്ക്ക് രൂപം നൽകുകയും, ഡിപ്പാർട്ട്മെന്റ് അംഗീകരിച്ചു നൽകിയ പ്രസ്തുത ഭരണഘടന പ്രകാരം മാനേജരായി ശ്രീമതി ഫാത്തിമ ബീവിയെ തെരഞ്ഞെടുക്കുകയും ചെയ്തു. ശ്രീമതി ഫാത്തിമ ബീവി 07.10.2017-ന് മരണപ്പെട്ടതിനെ തുടർന്ന് മാനേജരായി ശ്രീമതി ഖദീജ ബീവിയെ 03.11.2017 മുതൽ 5 വർഷത്തേക്ക് നിയമിക്കുകയും ഈ ഓഫീസിൽ നിന്ന് അംഗീകരിച്ചു നൽകുകയും ചെയ്തിരുന്നു.

പ്രായാധിക്യം മൂലമുള്ള ശാരീരിക ബുദ്ധിമുട്ടിനെ തുടർന്ന് തൽസ്ഥാനം രാജിവെച്ചുകൊണ്ട് ശ്രീമതി ഖദീജ ബീവി 13.05.2022-ാം തീയതി കത്ത് നൽകിയിരുന്നു. തുടർന്ന്, 16.05.2022-ന് സ്കൂൾ എഡ്യൂക്കേഷണൽ ഏജൻസി സ്ക്കൂളിൽ യോഗം ചേരുകയും ഭൂരിപക്ഷാഭിപ്രായ പ്രകാരം ശ്രീമതി സാബിറ റഷീദിനെ മാനേജരായി തെരഞ്ഞെടുക്കുകയും നിയമനം അംഗീകരിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ചില ബാഹ്യ ഇടപെടലിനെ തുടർന്നാണ് ശ്രീമതി ഖദീജ ബീവി രാജി വെച്ചത് എന്ന ശ്രീ മുഹമ്മദ് ഹുസൈന്റെ പരാതി തെളിയിക്കാനാവശ്യമായ രേഖകൾ ഒന്നും തന്നെ അദ്ദേഹം സമർപ്പിച്ചിട്ടില്ലാത്തതാണ്.

കൊട്ടാരശ്ശേരി എ.എൽ.പി. സ്കൂളിലെ അംഗീകൃത ബൈലോ പ്രകാരം 9 അംഗങ്ങളാണ് സ്കൂൾ വിദ്യാഭ്യാസ ഏജൻസിയിൽ ഉള്ളത്. അതിൽ ശ്രീമതി ഫാത്തിമ ബീവി മരണപ്പെട്ടതിനെ തുടർന്ന് 8 അംഗങ്ങളായി മാറി. മറ്റൊരംഗമായ ശ്രീ മുഹമ്മദ് ഹുസൈൻ സ്ക്കൂൾ പ്രധാനാദ്ധ്യാപകൻ കൂടിയായതിനാൽ, കെ.ഇ.ആർ. അദ്ധ്യായം 3 റൂൾ 8 ഉപറൂൾ 1, 2 പ്രകാരം മാനേജ്മെന്റ് കമ്മിറ്റിയിൽ തുടരാനോ വോട്ടവകാശം വിനിയോഗിക്കാനോ സാധിക്കില്ല. ഫലത്തിൽ 7 അംഗങ്ങളാണ് കമ്മിറ്റിയിൽ ഉള്ളത്. 16.05.2022-ലെ സ്ക്കൂൾ ഏജൻസിയുടെ മിനുട്ട്സ് പരിശോധിച്ചു. ശ്രീമതി സാബിറ റഷീദിന് 7 പേരിൽ 4 പേരുടെ പിന്തുണയുണ്ടെന്ന് ഉറപ്പ് വരുത്തിയതിന് ശേഷമാണ് മാനേജർ നിയമനം ഈ ഓഫീസിൽ നിന്ന് അംഗീകരിച്ച് ഉത്തരവായത്. ഇത് സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.(സി)23670/2022 പ്രകാരം സ്ക്കൂൾ വിദ്യാഭ്യാസ ഏജൻസിയിലെ അംഗമായ മുഹമ്മദ് ഇബ്രാഹിം എന്നയാൾ പെറ്റീഷൻ ഫയൽ ചെയ്യുകയും, മാനേജർ എന്ന നിലയിൽ നിയമനങ്ങൾ ഒന്നും നടത്തരുത് എന്ന് 21.07.2022 തീയതിയിൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പ്രധാനാദ്ധ്യാപകൻ എന്ന നിലയിൽ നിയമവിരുദ്ധമായി ചില പ്രവൃത്തികൾ ചെയ്തു എന്നാരോപിച്ചാണ് മാനേജർ 21.07.2022 മുതൽ 15 ദിവസത്തേക്ക് ശ്രീ മുഹമ്മദ് ഹുസൈൻ എ.എസ്.നെ സസ്പെന്റ് ചെയ്തത്. 8 കാരണങ്ങൾ ആണ് സസ്പെൻഷന് ആധാരമായി ചൂണ്ടിക്കാട്ടിയിരിക്കുന്നത്. തുടർന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 03.08.2022-ന് പ്രാഥമികാന്വേഷണത്തിനായി സ്ക്കൂൾ സന്ദർശിക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്തു. അറിയിപ്പ് നൽകിയിരുന്നെങ്കിലും ശ്രീ മുഹമ്മദ് ഹുസൈൻ ഹാജരായില്ല. തന്റെ ഭാഗം വിശദീകരിക്കാനുള്ള അവസരം നഷ്ടപ്പെടുത്തുകയാണ് അദ്ദേഹം ചെയ്തത്. സ്കൂളിലെ രേഖകൾ പരിശോധിച്ചതിൽ പല ക്രമക്കേടുകളും കണ്ടെത്തിയതിനാൽ സസ്പെൻഷൻ കാലയളവ് 15 ദിവസത്തിൽ കൂടുതൽ നീട്ടി നൽകി ഈ ഓഫീസിലെ 03.08.2022-ലെ സി/2482/2022 നമ്പർ ഉത്തരവ് പ്രകാരം ദീർഘിപ്പിച്ച് നൽകുകയായിരുന്നു. 17.07.2022 മുതൽ 06.08.2022 വരെ കമ്മ്യൂട്ടഡ് ലീവിനുള്ള അപേക്ഷ രജിസ്ട്രേഡ് തപാലിൽ ഈ ഓഫീസിൽ അയച്ചു എന്നത് വാസ്തവ വിരുദ്ധമാണ്

എന്നറിയിക്കുന്നു. അദ്ദേഹം അത്തരം ഒരു അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന് കമ്മ്യൂട്ടഡ് ലീവ് രജിസ്റ്റർ, പേഴ്സണൽ രജിസ്റ്റർ, സേവന പുസ്തകം എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുണ്ട്.

അതിനാൽ തന്നെ യാതൊരു ലീവ് അപേക്ഷയും നൽകാതെ, മാനേജർ സ്കൂൾ സന്ദർശിച്ച **18.07.2022, 19.07.2022** തീയതികളിൽ പ്രധാനാധ്യാപകൻ സ്കൂളിൽ ഹാജരായിരുന്നില്ല എന്ന ആരോപണം പൂർണ്ണമായും ശരിയാണ്. അധ്യാപകരുടെ സേവനപുസ്തകത്തിൽ സർവ്വീസ് വെരിഫിക്കേഷൻ പ്രധാനാധ്യാപകൻ നടത്തി എന്ന ആരോപണം പരിശോധിച്ചു. ശ്രീമതി മെഹറുന്നീസ എന്ന അധ്യാപികയുടെ സേവന പുസ്തകത്തിലെ **30**-ാം പേജിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ളത് താനല്ല എന്ന് മുൻ മാനേജർ ശ്രീമതി ഖദീജ ബീവി കൂടിക്കാഴ്ചാ വേളയിൽ നേരിട്ടെത്തി രേഖാമൂലം എഴുതി തന്നിട്ടുണ്ട്.

തന്റെ അറിവോ സമ്മതമോ കൂടാതെ പ്രധാനാദ്ധ്യാപകൻ വ്യാജ ഒപ്പ് വെച്ച്, **2** അധ്യാപക നിയമനം നടത്തി എന്ന മുൻ മാനേജരുടെ പരാതിയിലും കഴമ്പുള്ളതായി പ്രാഥമികാന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. ശ്രീമതി ഖദീജ ബീവി ബഹു.ഹൈക്കോടതിയിൽ ഹർജി നൽകുകയും ഡബ്ല്യൂ.പി (സി) നം.**19399/22**-ൽ **15.06.2022**-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ **24.08.2022**-ന് കൂടിക്കാഴ്ച നടത്തുകയും ചെയ്തിരുന്നു. നേർക്കാഴ്ചയിൽ പങ്കെടുത്തവരുടെ വാദങ്ങൾ പരിശോധിച്ചതിലും രേഖകളുടെ പ്രാഥമിക പരിശോധനയിലും മാനേജരുടെ കൈയ്യൊപ്പിൽ വ്യത്യാസമുള്ളതായി ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ഈ വിഷയത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്യാൻ **31.08.2022**-ലെ വി.എ3/**583755/2022**/ഡി.ജി.ഇ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ആലത്തൂർ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് ഓഫീസിൽ പരാതി സമർപ്പിച്ചിട്ടുള്ളതായി ബോധിപ്പിക്കുന്നു.

കൂടാതെ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് കൊട്ടാരശ്ശേരി എ.എൽ.പി സ്കൂളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ ദ്രുതപരിശോധനയിൽ ഉച്ചഭക്ഷണ പദ്ധതിക്കായി ടി സ്കൂളിന് അനുവദിച്ച ഫണ്ടിൽ സാമ്പത്തിക ക്രമക്കേട് ഉണ്ടായെന്ന് കണ്ടെത്തിയതിനെതുടർന്ന് **68,857/-** രൂപ ശ്രീ മുഹമ്മദ് ഹുസൈനിൽ നിന്ന് ഈടാക്കാൻ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ) & വിജിലൻസ് ഓഫീസർ വി.ബി**(6)27074/2016**/ഡി.ജി.ഇ പ്രകാരം ഉത്തരവായിട്ടുള്ളത്. തുടർന്ന് ഈ ഓഫീസിലെ **13.5.2022**-ലെ സി/**1574/2022** നമ്പർ കത്ത് പ്രകാരം **68,857/-** രൂപയും പലിശയും ചേർത്ത് തിരിച്ചടക്കാൻ ആലത്തൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസിൽ നിന്ന് ഉത്തരവായിരുന്നു. കൂടാതെ സർക്കാരിന് സാമ്പത്തിക ബാധ്യത വരുത്തിയതിനാൽ കെ.ഇ.ആർ അദ്ധ്യായം **14** എ റൂൾ **65** ഖണ്ഡിക **2** പ്രകാരം അദ്ദേഹത്തിന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത

പ്രാബല്യത്തോടെ തടഞ്ഞുകൊണ്ട് ഉത്തരവായിരുന്നു. ഇതിനെതിരെ ശ്രീ.മുഹമ്മദ് ഹുസൈൻ WP (C)No.20618/2022 പ്രകാരം ബഹു.ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്യുകയും, ഹിയറിംഗ് നടത്തി തീരുമാനമെടുക്കാൻ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറോട് 24.6.2022-ലെ ഉത്തരവ് പ്രകാരം നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് ഈ വിഷയത്തിൽ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവ് ശരിവെച്ചുകൊണ്ട് ബി6/3710/2022 തീയതി 15.10.2022 പ്രകാരം പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവായിട്ടുണ്ട്.

ശ്രീ.മുഹമ്മദ് ഹുസൈൻ ഇതിന് മുമ്പ് 05.2.2014 മുതൽ 29.5.2015 വരെ സസ്പെൻഷനിലായിരുന്നു. സസ്പെൻഷൻ പിൻവലിച്ചുകൊണ്ട് മാനേജർ പുറപ്പെടുവിച്ച 01.08.2018-ലെ ഉത്തരവിലും, മാനേജരുടെ വ്യാജ ഒപ്പ് രേഖപ്പെടുത്തി എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ കണ്ടെത്തിയ അതേ ഒപ്പാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിലെ 10.5.2019-ലെ സി/2961/14 ഉത്തരവ് പ്രകാരം സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി പരിഗണിച്ച് ഈ ഓഫീസിൽ നിന്ന് ഉത്തരവായിരുന്നു. തുടർന്ന് വേലവിലക്ക് കാലത്തെ ശമ്പളമായ 5,35,035/- രൂപ അദ്ദേഹത്തിന് അനുവദിച്ച് നൽകുകയും ചെയ്തിരുന്നു. എന്നാൽ ടി തുക ടിയാൻ ജോലി ചെയ്യാത്ത കാലയളവിൽ വാങ്ങിയതായതിനാൽ, ഈ തുക ഗവൺമെന്റിന് ബാധ്യതയായി വരുന്നതാകയാൽ പ്രസ്തുത തുക കൊട്ടാരശ്ശേരി എ.എൽ.പി.എസ് മാനേജരുടെ ബാധ്യതയായി ഈ ഓഫീസിലെ 16.10.2019-ലെ സി/2961/2014 ഉത്തരവ് പ്രകാരം നിശ്ചയിച്ച് നൽകിയിരുന്നു. ഇതിനെതിരെ മാനേജരും ശ്രീ.മുഹമ്മദ് ഹുസൈനും ചേർന്ന് ബഹു. ഹൈക്കോടതിയിൽ WP (C ) No.2080/2020 പ്രകാരം ഹർജി ഫയൽ ചെയ്യുകയും 20.5.2021-ലെ ഇടക്കാല ഉത്തരവ് പ്രകാരം റിക്കവറി തടഞ്ഞ് ഉത്തരവായിട്ടുള്ളതുമാണ്. സ്റ്റേ തടയുന്നതിനുള്ള നടപടി സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിനോട് ഈ ഓഫീസിൽ നിന്ന് അഭ്യർത്ഥിച്ചിട്ടുള്ളതായി അറിയിക്കുന്നു.

നിലവിൽ സസ്പെൻഷനിലുള്ള ശ്രീ.മുഹമ്മദ് ഹുസൈന് 18.10.2022-ന് ഇപ്പോഴത്തെ സ്കൂൾ മാനേജർ കുറ്റപത്രവും, കുറ്റാരോപണ പത്രികയും നൽകിയിരുന്നു. കൂടാതെ 31.10.2022-ന് അഡീഷണൽ കുറ്റപത്രവും നൽകിയിട്ടുണ്ട്. എന്നാൽ ഈ വിഷയം ഗവണ്മെന്റിന്റെ പരിഗണനയിലായതിനാൽ, ഗവൺമെന്റ് തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ കുറ്റാരോപണ പത്രികയ്ക്ക് പ്രസക്തിയുണ്ടോ എന്ന് വ്യക്തമാകുകയുള്ളൂ എന്നതിനാൽ ഗവൺമെന്റിന്റെ തീരുമാനത്തിനു ശേഷം കുറ്റാരോപണ പത്രികയ്ക്ക് മറുപടി നൽകാമെന്നാണ് അദ്ദേഹം മറുപടി നൽകിയിരിക്കുന്നത്. ടിയാന്റെ സസ്പെൻഷൻ ദീർഘിപ്പിക്കുന്നതിന് ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ അപേക്ഷ പോലും നൽകാതെ അനധികൃതമായി

ജോലിയിൽ നിന്ന് വിട്ടുനിന്നതിനാലും, അദ്ധ്യാപകരുടെ സേവന പുസ്തകത്തിലും, നിയമന ഉത്തരവുകളിലും, മുൻ സസ്പെൻഷൻ പിൻവലിച്ച ഉത്തരവിലും രേഖപ്പെടുത്തിയ ഒപ്പുകൾ, മുൻ മാനേജരായ ശ്രീമതി.ഖദീജ ബീവിയുടെ മറ്റു ഒപ്പുകളുമായി വ്യത്യാസമുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ടെന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിന്റെ വെളിച്ചത്തിലും, ഉച്ചഭക്ഷണ വിതരണവുമായി ബന്ധപ്പെട്ട ക്രമക്കേടുകളിലെ അച്ചടക്കനടപടി നിലനിൽക്കുന്നതിനാലും, മുൻ സസ്പെൻഷൻ കാലയളവിൽ അദ്ദേഹം കൈപ്പറ്റിയ തുക തിരിച്ചടക്കാൻ മാനേജരോട് നൽകിയ നിർദ്ദേശത്തിൽ സമർപ്പിച്ച പെറ്റീഷനിൽ, ബഹു.ഹൈക്കോടതിയിൽ നിന്ന് അന്തിമ ഉത്തരവ് ലഭിക്കാത്തതിനാലും നിയമനാധികാരിയായ മാനേജർ നൽകിയ കുറ്റാരോപണ പത്രികയ്ക്ക് മറുപടി നൽകാതിരുന്നതിനാലും അദ്ദേഹത്തിന്റെ സസ്പെൻഷന് ആധാരമായ വസ്തുതകൾ ഇപ്പോഴും നിലനിൽക്കുന്നതായി ബോധിപ്പിക്കുന്നു.

**5.** സർക്കാർ ഇക്കാര്യം ഹിയറിംഗ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, ബന്ധപ്പെട്ട ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. സസ്പെൻഷന് ആധാരമായ താഴെ പറയുന്ന വസ്തുതകൾ ഇപ്പോഴും നിലനിൽക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്:

എ.എൽ.പി സ്കൂളിലെ പ്രധാനാദ്ധ്യാപകൻ ശ്രീ.മുഹമ്മദ് ഹുസൈൻ മാനേജർക്ക് അപേക്ഷ സമർപ്പിക്കുകയോ അറിയിക്കുകയോ ചെയ്യാതെ ജോലിയിൽ നിന്നും വിട്ടുനിന്ന സാഹചര്യമുണ്ടായി. തുടർന്ന് മാനേജർ നൽകിയ കുറ്റാരോപണ പത്രികയ്ക്ക് മറുപടി നൽകിയിട്ടില്ല. തന്റെ അറിവോ സമ്മതമോ കൂടാതെ ടിയാൻ വ്യാജ ഒപ്പ് വെച്ച് രണ്ട് അദ്ധ്യാപക നിയമനം നടത്തി എന്ന മുൻ മാനേജറുടെ പരാതിയിൽ കഴമ്പുള്ളതായി പ്രാഥമികാന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടതായി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. അദ്ധ്യാപകരുടെ സേവന പുസ്തകത്തിലും നിയമന ഉത്തരവുകളിലും, മുൻ സസ്പെൻഷൻ പിൻവലിച്ച ഉത്തരവിലും രേഖപ്പെടുത്തിയ ഒപ്പുകൾ മുൻ മാനേജരായ ശ്രീമതി.ഖദീജ ബീവിയുടെ മറ്റ് ഒപ്പുകളുമായി വ്യത്യാസമുള്ളതായി ബോധ്യപ്പെട്ടിട്ടുള്ളതായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. അതിൻ പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആലത്തൂർ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് ഓഫീസിൽ പരാതി സമർപ്പിച്ചിട്ടുള്ളതായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉച്ചഭക്ഷണ വിതരണവുമായി ബന്ധപ്പെട്ട ക്രമക്കേടുകളിലെ അച്ചടക്ക നടപടി ഇപ്പോഴും നിലനിൽക്കുന്നതും, മുൻ സസ്പെൻഷൻ കാലയളവിൽ അനധികൃതമായി ടിയാൻ കൈപ്പറ്റിയ തുക തിരിച്ചടക്കാൻ മാനേജരോട് നൽകിയ നിർദ്ദേശത്തിന്മേൽ സമർപ്പിച്ച

പെറ്റീഷനിൽ ബഹു.ഹൈക്കോടതിയിൽ നിന്നും അന്തിമ ഉത്തരവ് ലഭ്യമായിട്ടില്ലാത്തതുമാണ്.

**6** . മേൽ സാഹചര്യത്തിൽ, പാലക്കാട് കൊട്ടാരശ്ശേരി എ.എൽ.പി.സ്കൂളിലെ പ്രധാനാദ്ധ്യാപകൻ, സസ്പെൻഷനിലുള്ള ശ്രീ.എ.എസ്. മുഹമ്മദ് ഹുസൈന്റെ സസ്പെൻഷൻ കാലയളവ് കെ.ഇ.ആർ. അദ്ധ്യായം 14 എ റൂൾ 67(8) പ്രകാരം ദീർഘിപ്പിച്ചു കൊണ്ട് ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവ് അംഗീകരിച്ചും, അപ്രകാരം ശ്രീ.എ.എസ്. മുഹമ്മദ് ഹുസൈൻ സർക്കാരിൽ സമർപ്പിച്ച പരാമർശം (1) പുനഃപരിശോധനാ ഹർജി (Ext.P8) തീർപ്പാക്കിയും, ബഹു.ഹൈക്കോടതിയുടെ പരാമർശം (2) വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലത്തൂർ, പാലക്കാട്.
മാനേജർ, എ.എൽ.പി. സ്കൂൾ, കൊട്ടാരശ്ശേരി, തെക്കേപൊറ്റ, ആലത്തൂർ, പാലക്കാട്.
ശ്രീ.എ.എസ്. മുഹമ്മദ് ഹുസൈൻ, പ്രഥമാദ്ധ്യാപകൻ, എ.എൽ.പി. സ്കൂൾ, കൊട്ടാരശ്ശേരി, തെക്കേപൊറ്റ, ആലത്തൂർ, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 13-04-2023 12:13:00
സെക്ഷൻ ഓഫീസർ